# വെള്ളച്ചാട്ടത്തിൻെറ ഇടിമുഴക്കം – സക്കറിയ

## അർഥങ്ങൾ

ജലപാതം = വെള്ളച്ചാട്ടം
പെരുകുക = വർദ്ധിക്കുക
പ്രവാഹം = ഒഴുക്ക്
അഗാധത = ആഴം
ഗതി = പോക്ക്
വ്യാളം = പാമ്പ്
ഗ്രഹിക്കുക = മനസ്സിലാക്കുക
കൃഷ്ണശില = കറുത്തപാറ
യാഥാർഥ്യം = വസ്തുത
ധവളം = വെളുപ്പ് നിറം
നിബിഡം = ഇടതിങ്ങിയത്
പ്രതിവർഷം = വർഷംതോറും
അള = പൊത്ത്, മാളം
പ്രയാണം = യാത്ര
പര്യാടകൻ = സഞ്ചാരി
ഗഗനസഞ്ചാരി = ആകാശത്ത് കൂടി യാത്രചെയ്യുന്നവൻ

സമതലം = നിരപ്പായ സ്ഥലം
അവിശ്വസനീയം = വിശ്വസിക്കാൻ പ്രയാസമായത്
മരീചിക = കാനൽജലം
അഭിമുഖീകരിക്കുക = നേരിടുക
ശേഷി = കഴിവ്
ഗർത്തം = കുഴി
കിടിലംകൊള്ളിക്കുക = ഭയപ്പെടുത്തുക
ഗർജനം = അലർച്ച
വിരസത = മുഷിച്ചിൽ
വിരളുക = പരിഭ്രമിക്കുക
കോലാഹലം = ബഹളം
തരണം ചെയ്യുക = മറികടക്കുക
അന്തർഭാഗം = ഉൾഭാഗം
അനവധി = ധാരാളം
ഹൃദയഹാരി = ഹൃദയത്തെ ആകർഷിക്കുന്നത്

## പര്യായങ്ങൾ

കാഴ്ച – ദൃശ്യം, ദർശനം
മത്സ്യം – ഝഷം, ശംബരം
തോണി – നൗക, തരണി
കര – തീരം, കൂലം
നദി – സരിത്ത്, വാഹിനി
മുതല – നക്രം, മകരം
മഴവില്ല് – ഇന്ദ്രചാപം, ഇന്ദ്രധനുസ്സ്

മേഘം – അഭ്രം, വാരിദം
പ്രയാണം – സഞ്ചാരം, യാത്ര
കോട്ട – പ്രാകാരം, ദുർഗം
ഇല – പത്രം, ദലം
മഞ്ഞ് – നീഹാരം, തുഷാരം
അതിർത്തി – സീമ, എലുക

## വിപരീതങ്ങൾ

സ്വയം × അന്യം
തിരശ്ചീനം × ലംബം
അവിശ്വസനീയം × വിശ്വസനീയം

ശാന്തം × രൗദ്രം
നിബിഡം × ശൂന്യം
വിരസത × സരസത

വിശാലം × സങ്കുചിതം

ധാരാളം × വിരളം

അന്തർമുഖൻ × ബഹിർമുഖൻ

വാസ്തവം × അവാസ്തവം (കൈതവം)

**<u>അർഥവ്യത്യാസം</u>**

ധവളം – വെളുപ്പുനിറം

വിരളം – കുറച്ചുള്ളത്

ദന്തം – പല്ല്

ദന്തി – ആന

അള – പൊത്ത്

അളി – വണ്ട്

ധാര – ഒഴുകുന്ന

ധീര – ധൈര്യം ഉള്ളവൾ

ശില – കല്ല്

ശീല – തുണി

പരിണാമം – മാറ്റം

പരിമാണം – അളവ്

**<u>നാനാർഥങ്ങൾ</u>**

ധവളം – വെളുപ്പ് നിറം, കർപ്പൂരം

ഗതി – പോക്ക്, ആശ്രയം

അടി – ചുവട്, തല്ല്

**<u>എതിർലിംഗം</u>**

സഞ്ചാരി – സഞ്ചാരിണി

പര്യാടകൻ – പര്യാടക

വെള്ളക്കാരൻ – വെള്ളക്കാരി

സാഹസികൻ – സാഹസിക

**<u>സന്ധി</u>**

ഭൂമുഖത്തെ – ഭൂമുഖം + എ (ആദേശസന്ധി)

ഇന്ദ്രിയങ്ങൾ – ഇന്ദ്രിയം + കൾ (ആദേശസന്ധി)

അനുവദിക്കുകയുമില്ല – അനുവദിക്കുകയും + ഇല്ല(ആദേശസന്ധി)

പാറപ്പിളർപ്പ് – പാറ + പിളർപ്പ് (ദ്വിത്വസന്ധി)

ദൃശ്യങ്ങൾ – ദൃശ്യം + കൾ (ആദേശസന്ധി)

അദ്ഭുതകരമായ – അദ്ഭുതകരം + ആയ (ആദേശസന്ധി)

അവനറിയാമായിരുന്നു – അവന് + അറിയാമായിരുന്നു (ലോപസന്ധി)

അഗാധതയിൽ – അഗാധത + ഇൽ (ആഗമസന്ധി)

കരിമ്പാറ – കരി + പാറ (ആദേശസന്ധി)

അവിസ്മരണീയമായ – അവിസ്മരണീയം + ആയ (ആദേശസന്ധി)

**സമാസങ്ങൾ**

സാംബസിനദി – സാംബസി എന്ന നദി (നിർദേശികാ തത്പുരുഷസമാസം)

ജലധൂളി – ജലത്തിൻെറ ധൂളി (സംബന്ധിക തത്പുരുഷൻ)

ക്ഷുഭിതവ്യാളങ്ങൾ – ക്ഷുഭിതങ്ങളായ വ്യാളങ്ങൾ (കർമധാരയൻ)

കൃഷ്ണശിലകൾ – കൃഷ്ണവർണത്തിലുള്ള ശിലകൾ (കർമധാരയൻ)

വെൺപത – വെളുത്ത പത (കർമധാരയൻ)

ഭീകരസത്യം – ഭീകരമായ സത്യം (കർമധാരയൻ)

സാഹസികസഞ്ചാരി – സാഹസികനായ സഞ്ചാരി (കർമധാരയൻ)

മാംസഭോജികൾ – മാംസം ഭുജിക്കുന്നവർ (ബഹുവ്രീഹി സമാസം)

ഹൃദയഹാരി – ഹൃദയത്തെ ഹരിക്കുന്നത് (ബഹുവ്രീഹി സമാസം)

ഭീകരപരിണാമങ്ങൾ– ഭീകരമായ പരിണാമങ്ങൾ (കർമധാരയൻ)

ഗഗനസഞ്ചാരികൾ – ഗഗനത്തിലൂടെ സഞ്ചരിക്കുന്നവർ (ബഹുവ്രീഹി സമാസം)

തെളിനീര് – തെളിഞ്ഞ നീര് (കർമധാരയൻ)

പ്രതിവർഷം – വർഷം തോറും (അവ്യയീഭാവ സമാസം)

* * * *